നമ്പർ: 197/2022

# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളികൈസ്ഥാനികളും, അസ്സോസിയേഷൻ പ്രതിനിധികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ യോഗം, 2022 ഓഗസ്റ്റ് മാസം 4-ാം തീയതി വ്യാഴാഴ്ച പത്തനാപുരം മൗണ്ട് താബോർ ദയറാ അങ്കണത്തിൽ ചേരുവാൻ തീരുമാനിച്ച് നിങ്ങളെ ഏവരേയും നാം അറിയിച്ചിരുന്നുവല്ലോ. എന്നാൽ കോവിഡ് വ്യാപനം നിലനിൽക്കുന്ന പശ്ചാത്തലത്തിൽ നമ്മുടെ എല്ലാ ഇടവകകളിൽ നിന്നും പ്രത്യേകിച്ച് വിദേശരാജ്യങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾക്ക് സമ്മേളന നഗറിൽ കൂടുവാൻ സാധ്യമാകുമോ എന്ന ആശങ്ക നിലനിൽക്കുന്നുണ്ട്. ആയതിനാൽ സാഹചര്യമനുസരിച്ച് യോഗസ്ഥലത്ത് സാധിക്കുന്നത്രയും പേർ ഒത്തുചേരുകയും, മറ്റുള്ളവർ ഓൺലൈനായി അസ്സോസിയേഷൻ യോഗത്തിൽ സംബന്ധിക്കുകയും ചെയ്യേണ്ടതാണ്. അജണ്ട അനുസരിച്ചുള്ള തെരഞ്ഞെടുപ്പുകളിൽ വോട്ടിംഗ് ആവശ്യമായി വന്നാൽ രജിസ്ട്രേഷനും വോട്ടിംഗും ഇലക്ട്രോണിക് സാങ്കേതികവിദ്യ ഉപയോഗിച്ച് നടത്തുന്നതായിരിക്കും. ഓൺലൈൻ യോഗത്തിന്റെയും വോട്ടിംഗിന്റെയും സുഗമമായ നടത്തിപ്പിനുവേണ്ടി സോഫ്റ്റ്‌വെയർ ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതിനായി താഴെപ്പറയുന്നവരെ ഉൾപ്പെടുത്തി ഒരു കമ്മറ്റിയെ നാം ഇതിനാൽ നിയമിച്ചിരിക്കുന്നു.

| | | |
|---|---|---|
| ചീഫ് റിട്ടേണിംഗ് ഓഫീസർ | : | ശ്രീ. റ്റി. സഖറിയാ മാണി IRS (Retd.) |
| കൺവീനർ | : | ശ്രീ. തോമസ് ജോർജ് |
| കോർ-കമ്മറ്റി അംഗങ്ങൾ | : | അഡ്വ. ബിജു ഉമ്മൻ, ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, ഫാ. അനിഷ് കെ. സാം, ഡോ. ബിജു തോമസ് (പ്രിൻസിപ്പൽ, ബസേലിയോസ് കോളജ്, കോട്ടയം), ശ്രീ. ജുബിൻ ബി. ജോർജ് (കൊമ്പാടിയിൽ, പത്തനാപുരം) & ശ്രീ. ഡെബിൻ ഡി. വർഗീസ് (നല്ലവീട്ടിൽ കുറ്റിയിൽ, പത്തനാപുരം) |

ഈ കമ്മറ്റിയുടെ നേതൃത്വത്തിൽ എല്ലാ മെത്രാസന കേന്ദ്രങ്ങളുമായും ബന്ധപ്പെട്ട് അസ്സോസിയേഷൻ പ്രതിനിധികളുടെ മൊബൈൽ നമ്പറും, ഇ-മെയിൽ ഐ ഡി-യും പരിശോധിച്ച് ഉറപ്പു വരുത്തുന്നതാണ്. എല്ലാ മെത്രാസന സെക്രട്ടറിമാരും ഇതുമായി സർവ്വാത്മനാ സഹകരിക്കണമെന്ന് നാം അറിയിക്കുന്നു. അസ്സോസിയേഷൻ യോഗ നടത്തിപ്പും, വോട്ടിംഗ് സംബന്ധിച്ചുമുള്ള കൂടുതൽ വിവരങ്ങൾ നമ്മുടെ കാതോലിക്കേറ്റ് ഓഫീസിൽ നിന്നും നിങ്ങളെ യഥാസമയം അറിയിക്കുന്നതാണ്. അസ്സോസിയേഷൻ യോഗത്തിന്റെ അനുഗ്രഹകരമായ നടത്തിപ്പിനായി നിങ്ങളേവരും മുട്ടിപ്പായി പ്രാർത്ഥിക്കണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

2022 ജൂൺ മാസം 09-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും.

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**